## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4197** **13.12.2018-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപം**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ റിസർവ് മണിയായും, ട്രഷറി നിക്ഷേപമായും, ബാങ്ക് നിക്ഷേപമായും, മറ്റ് നീക്കിയിരിപ്പായും എത്ര കോടി രൂപ കെ.എസ്.എഫ്.ഇ യിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.എഫ്.ഇ.യുടെ 31.03.2016 ലെ ആഡിറ്റഡ് കണക്കുപ്രകാരം ജനറൽ റിസർവ് 440 കോടി രൂപയും, ട്രഷറി നിക്ഷേപമായി 3294 കോടി രൂപയും, ബാങ്ക് നിക്ഷേപമായി 135 കോടി രൂപയും ഉണ്ടായിരുന്നു. |
| (ബി) | ആയത് ഇപ്പോൾ എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | 31.03.2018 ലെ ആഡിറ്റ് കണക്ക പ്രകാരം ജനറൽ റിസർവ് 620 കോടി രൂപയും ട്രഷറി നിക്ഷേപമായി 5253 കോടി രൂപയും, ബാങ്ക് നിക്ഷേപമായി 436 കോടി രൂപയും ഉണ്ട്. |
| (സി) | സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ യുടെ എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ശാഖകൾ കെ.എസ്.എഫ്.ഇ ക്ക് തുടങ്ങാൻ കഴിഞ്ഞു; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് എസ്.എഫ്.ഇയുടെ 577 ശാഖകൾ പ്രവർത്തിക്കുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ പുതുതായി ശാഖകൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | ഇതിലൂടെ എത്ര കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നു വരുന്നത് ; വ്യക്തമാക്കാമോ ; | (ഡി) | 1743.65 കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നു വരുന്നത്. |
| (ഇ) | കെ.എസ്.എഫ്.ഇ യുടെ 2017-18 ലെ ലാഭം എത്ര കോടി രൂപയാണ് ; 2017-18 ൽ ലാഭവിഹിതമായി സംസ്ഥാന ഖജനാവിന് എത്ര കോടി രൂപ കെ.എസ്.എഫ്.ഇ നൽകുകയുണ്ടായി ; വിശദമാക്കുമോ? | (ഇ) | കെ.എസ്.എഫ്.ഇ.യുടെ 2017 -18 ലെ നികുതിയ്ക്ക് മുൻപുള്ള ലാഭം 256 കോടി രൂപയാണ്. കമ്പനിയുടെ ആനുവൽ ജനറൽ മീറ്റിങ്ങ് കഴിയാത്തതിനാൽ ലാഭവിഹിതം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ